പതിനഞ്ചാം കേരള നിയമസഭ
FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)

## 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത് ]

**2024 ജൂലൈ 4-ാം തീയതി സമർപ്പിച്ചത്**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2024**

പതിനഞ്ചാം കേരള നിയമസഭ

**സബ്ജക്ട് കമ്മിറ്റി VIII**
**(സാമ്പത്തിക കാര്യങ്ങൾ)**

# 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

# ഉള്ളടക്കം

| | |
|---|---|
| | **പേജ്** |
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |

**സബ്ജക്ട് കമ്മിറ്റി VIII**
(സാമ്പത്തിക കാര്യങ്ങൾ)
(2023-2026)

**ഘടന**

**അദ്ധ്യക്ഷൻ**

ശ്രീ. കെ. എൻ. ബാലഗോപാൽ,
ധനകാര്യ വകുപ്പുമന്ത്രി.

**എക്സ്-ഒഫീഷ്യോ അംഗങ്ങൾ**

ശ്രീ. എം. ബി. രാജേഷ്,
തദ്ദേശസ്വയംഭരണ - എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി.

**അംഗങ്ങൾ**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി.

## അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്, 27.02.2023-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടിപത്രികകൾ 20.06.2024-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ട് അദ്ധ്യായങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ അദ്ധ്യായം I-ൽ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം ഉൾക്കൊള്ളിച്ചിരിക്കുന്നു. അദ്ധ്യായം II-ൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൽ ഇനിയും സർക്കാരിൽ നിന്നും മറുപടി ലഭ്യമാക്കാതെയുള്ള ശിപാർശകൾ/ഖണ്ഡികകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2024 ജൂലൈ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. എൻ. ബാലഗോപാൽ,**
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി VIII.

തിരുവനന്തപുരം,
2024 ജൂലൈ 4.

## അദ്ധ്യായം -I

## 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

### ശിപാർശ (ഖണ്ഡിക നമ്പർ 7)

2030-01-102-99 - മുദ്രപ്പത്രങ്ങൾ ജുഡീഷ്യൽ - മുദ്രപ്പത്ര വിൽപ്പനച്ചെലവുകൾ

ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പനയ്ക്കനുസരിച്ച് സ്റ്റാമ്പ് വെണ്ടർമാർക്ക് ഡിസ്കൗണ്ട് നൽകേണ്ടതുണ്ട്. 2022-23 സാമ്പത്തിക വർഷം ജനുവരി വരെ മേൽ ശീർഷകത്തിൽ 1.7978607 കോടി രൂപ ചെലവ് വന്നിട്ടുള്ളതിനാലും 2023-24 സാമ്പത്തിക വർഷം കോടതി ഫീസ് ഇനത്തിൽ വർദ്ധനവ് പ്രഖ്യാപിച്ചിട്ടുള്ളതിനാലും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായി വരും. ആയതിനാൽ ടി ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2030-01-102-99 എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന മുഖാന്തരം 17,00,000/- രൂപ അധികമായി അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നമ്പർ 8)

2030-02-102-99 - മുദ്രപ്പത്രങ്ങൾ നോൺ ജുഡിഷ്യൽ - മുദ്രപ്പത്ര വില്പന ചെലവുകൾ

നോൺ ജുഡീഷ്യൽ മുദ്രപ്പത്ര വില്പനക്ക് അനുസരിച്ച് സ്റ്റാമ്പ് വെണ്ടർമാർക്ക് ഡിസ്കൗണ്ട് നൽകേണ്ടതിനാലും 2023-24 സാമ്പത്തിക വർഷത്തിൽ ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കുമെന്നതിനാലും മുദ്രപ്പത്ര വില്പനയിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാലും മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി

ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

2030-02-102-99 എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന മുഖാന്തിരം 8,00,00,000/- രൂപ അധികമായി അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**<u>ശിപാർശ (ഖണ്ഡിക നമ്പർ 9)</u>**

2030-03-001-99-05-3 - <u>ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്</u>

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയത്തിൽ Session Initiation Protocol(SIP) trunking സംവിധാനം നടപ്പാക്കുന്നതിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പ്രതിമാസം 34,450/- രൂപ ചെലവ് വരുന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 2.97 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയത്തിലെ ടെലിഫോൺ ചാർജ് ഇനത്തിൽ അധികമായി ലഭിച്ച 3,10,000/- രൂപയിൽ 2,94,862/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**<u>ശിപാർശ (ഖണ്ഡിക നമ്പർ 10)</u>**

2030-03-001-96-05-2 - <u>വൈദ്യുതി ചെലവ്</u>

തിരുവനന്തപുരം, തൃശ്ശൂർ ഓഫീസുകൾക്ക് പ്രതിമാസം ഏകദേശം 20,000 രൂപ വീതം വൈദ്യുതി ചെലവ് നൽകേണ്ടതിനാൽ നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

തിരുവനന്തപുരം, തൃശ്ശൂർ ഓഫീസുകളുടെ വൈദ്യുതി ചെലവ് നൽകുന്നതിനായി

2,00,000/- രൂപ അധിക ഫണ്ടായും 1,50,000/- രൂപ ധനപുന:വിനിയോഗം വഴിയും ലഭിച്ചു. അതിൽ 3,18,748/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## ശിപാർശ (ഖണ്ഡിക നമ്പർ 11)

2030-03-001-95-34-3 - മറ്റു ചെലവുകൾ- മറ്റിനം

കാഞ്ഞിരംകുളം, കുഴപ്പിള്ളി, മഞ്ചേശ്വരം, തൃക്കരിപ്പൂർ, മാനന്തവാടി, പൊന്നാനി, കന്യാകുളങ്ങര, കല്ലേറ്റുംകര എന്നീ ഓഫീസുകളുടെ ഷിഫ്റ്റിംഗ് ചാർജ്ജ് ഇനത്തിൽ 6.35973 ലക്ഷം രൂപ നൽകാനുള്ളതിനാൽ ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ അധികമായി 6.35 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2030-03-001-95-34-3 എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തിന് പുറമേ അധിക തുക അനുവദിച്ചിട്ടില്ല.

[ഖണ്ഡിക 7 മുതൽ 11 വരെയുള്ള ശിപാർശകളിന്മേൽ നികുതി (ജെ) വകുപ്പ് 21.05.2024 തീയതിയിലെ ജെ3/110/2023-നി.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 20.06.2024-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

## ശിപാർശ (ഖണ്ഡിക നമ്പർ 12)

2039-00-001-99-01-4 - മേൽനോട്ടം - ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ്

എക്സൈസ് ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക മാറി നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 5 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 19.91 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/2643/2022-XFB2.dated, 22.01.2024 കത്ത് പ്രകാരം

ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 12 ലക്ഷം രൂപ ആവശ്യപ്പെടുകയും ചെലവ് വഹിക്കേണ്ട ശീർഷകം സൂചിപ്പിച്ച കൊണ്ട് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അനുവദിക്കുന്ന ഉത്തരവുകൾ പുനഃപരിശോധിക്കുന്നതിന് ധനവകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ മെഡിക്കൽ റീ ഇംപേഴ്സ്മെന്റിനുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ ചെലവ് വഹിക്കേണ്ട ശീർഷകം കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം എക്സൈസ് കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

## ശിപാർശ (ഖണ്ഡിക നമ്പർ 13)

2039-00-001-99-04-2 - യാത്രാ ചെലവുകൾ - സ്ഥലംമാറ്റ ബത്ത

എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിന് മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 3.24 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/3431/2022-XFB2.dated, 03.07.2023 കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 3 ലക്ഷം രൂപ ആവശ്യപ്പെട്ടതിൻ പ്രകാരം **G.O(Rt)No.5768/2023/Fin. dated,04.08.2023** വഴി 1 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

## ശിപാർശ (ഖണ്ഡിക നമ്പർ 14)

2039-00-001-99-05-1 - ഓഫീസ് ചെലവുകൾ - വെള്ളക്കരം

പുതിയ ഓഫീസുകൾ അനുവദിച്ച സാഹചര്യത്തിൽ വെള്ളക്കരം പൂർണ്ണമായും അടച്ച തീർക്കാൻ നിലവിലെ വിഹിതം അപര്യാപ്തമാകയാൽ, മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

### സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 7.93 ലക്ഷം

രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/2643/2022-XFB2.dated, 09.08.2023 കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 8 ലക്ഷം രൂപ ആവശ്യപ്പെട്ടതിൻ പ്രകാരം G.O(Rt) No.6975/2023/Fin. dated, 04.10.2023 പ്രകാരം 2 ലക്ഷം രൂപയും 18.12.2023-ലെ ഇതേ നമ്പർ കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 6 ലക്ഷം രൂപ ആവശ്യപ്പെട്ടതിൻ പ്രകാരം G.O(Rt) No.852/2024/Fin. Dated, 30.01.2024 പ്രകാരം 1 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതാണ്.

## ശിപാർശ (ഖണ്ഡിക നമ്പർ 15)

2039-00-001-99-05-2 - വൈദ്യുതി ചെലവ്

2022-23 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും മാറി നൽകുകയും അധിക തുക ആവശ്യമായി വരുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ എക്സൈസ് സർക്കിൾ ഓഫീസുകളിലെ വൈദ്യുതിചെലവ് പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 15 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 66.77 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/1890/2022-XFB1. Dated, 14.03.2024-ലെ കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 10 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 27.03.2024-ലെ Taxes F3/70/2024/TD നമ്പർ കത്ത് പ്രകാരം അടുത്ത സാമ്പത്തിക വർഷത്തിലെ (2024-25) ബജറ്റ് വിഹിതത്തിൽ നിന്നും തുക ചെലവഴിക്കാൻ നിർദ്ദേശിക്കുകയുണ്ടായി.

## ശിപാർശ (ഖണ്ഡിക നമ്പർ 16)

2039-00-001-99-05-3 - ടെലിഫോൺ ചെലവ്

പ്രസ്തുത ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം

അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 36.72 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം പൂർണ്ണമായി ചെലവാകാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 17)**

2039-00-001-99-06 - വാടക, കരം, നികുതി

നിലവിൽ ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് അപര്യാപ്തമാകയാൽ 25 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 79.85 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/2643/2022-XFB2. dated, 18.12.2023-ലെ കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 35 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് നികുതി വകുപ്പിൽ നിന്നുള്ള 14.02.2024 തീയതിയിലെ Taxes F3/310/2023/Taxes നമ്പർ കത്ത് പ്രകാരം 2023-24 സാമ്പത്തിക വർഷം ഒടുക്കു വരുത്തിയ വാടക കുടിശ്ശിക ഈ ശീർഷകത്തിലെ വാടക ബാധ്യത വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ ലിസ്റ്റ് പ്രതിമാസ വാടക, വാടക അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് എന്നിവ ആവശ്യപ്പെടുകയും തുടർന്ന് 01.03.2024-ലെ EXC/2643/2022-XFB2 കത്ത് പ്രകാരം ആയത് ലഭ്യമാക്കുകയും അടുത്ത സാമ്പത്തിക വർഷത്തെ (2024-25) ബജറ്റ് പ്രൊവിഷൻ 2024-25-ലെ വാടക ഒടുക്കുന്നതിന് മാത്രമേ ഉപയോഗിക്കാവൂ എന്നും, കുടിശ്ശിക പേയ്മെന്റിനുള്ള പ്രൊപ്പോസൽ മേൽ പ്രകാരം നൽകിയിട്ടുള്ള അതേ വിശദാംശങ്ങൾക്കൊപ്പം

2024-25 സാമ്പത്തിക വർഷത്തിൽ പുനഃസമർപ്പിക്കാവുന്നതാണെന്നുള്ള നിർദ്ദേശം എക്സൈസ് കമ്മീഷണർക്ക് നൽകുകയുണ്ടായി.

**ശിപാർശ (ഖണ്ഡിക നമ്പർ 18)**

2039-00-001-99-15 - രഹസ്യ സേവന ചെലവുകൾ

എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 5 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 19.19 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സർക്കാരിന്റെ സീലിംഗ് നിയന്ത്രണം ഉള്ളതിനാൽ ബാക്കി തുക വിനിയോഗിക്കാനായില്ല. അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 19)**

2039-00-001-99-21-2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ഈ ശീർഷകത്തിലേക്ക് 20 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024- വരെ 58.07 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/2643/2022-XFB2. dated, 18.12.2023 കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 45 ലക്ഷം രൂപ

ആവശ്യപ്പെട്ടതിൻ പ്രകാരം G.O(Rt) No.852/2024/Fin. dated, 30.01.2024 പ്രകാരം10 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 20)**

2039-00-001-99-34-3 - മറ്റു ചെലവുകൾ - മറ്റിനം

എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ അധികമായി 10 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 32.76 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണം ഉള്ളതിനാൽ ബജറ്റ് വിഹിതമായി അനുവദിച്ച തുകയിലെ നീക്കിയിരുപ്പ് തുക വിനിയോഗിക്കാനായില്ല. ആയതിനാൽ സമിതി ശിപാർശ പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 21)**

2039-00-001-99-45 - പി.ഒ.എൽ

എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 1 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 2.5741 കോടി രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം

അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/2643/2022-XFB2, dated, 22.01.2024 കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 55 ലക്ഷം രൂപ ആവശ്യപ്പെട്ടതിൻ പ്രകാരം G.O(Rt) No.2028/2024/Fin. Dated, 04.03.2024 പ്രകാരം 30 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 22)**

2039-00-001-98-01-4 - റേഞ്ച് ഓഫീസുകൾ - ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ്

എക്സൈസ് റേഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക പൂർണ്ണമായും മാറി നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ, 15 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024- വരെ 26.24 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/2643/2022-XFB2, dated, 22.01.2024 കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 12 ലക്ഷം രൂപ ആവശ്യപ്പെടുകയും ചെലവ് വഹിക്കേണ്ട ശീർഷകം സൂചിപ്പിച്ചു കൊണ്ട് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അനുവദിക്കുന്ന ഉത്തരവുകൾ പുനഃപരിശോധിക്കുന്നതിന് ധനവകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ മെഡിക്കൽ റീ ഇംപേഴ്സ്മെന്റിനുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ ചെലവ് വഹിക്കേണ്ട ശീർഷകം കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം എക്സൈസ് കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 23)**

2039-00-001-98-05-2 - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

പുതിയ ഓഫീസുകൾ അനുവദിച്ച സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ്

പൂർണ്ണമായും അടക്കുന്നതിന് ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 46.73 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം പൂർണ്ണമായി ചെലവാകാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

## ശിപാർശ (ഖണ്ഡിക നമ്പർ 24)

2039-00-001-98-05-4 - മറ്റിനങ്ങൾ

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്ത മാകയാൽ 7 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 13.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം പൂർണ്ണമായി ചെലവാകാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

## ശിപാർശ (ഖണ്ഡിക നമ്പർ 25)

2039-00-001-98-06 - വാടക, കരം, നികുതി

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ

ടി ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 99.94 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/2643/2022-XFB2. dated, 18.12.2023-ലെ കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 45 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് നികുതി വകുപ്പിൽ നിന്നുള്ള 14.02.2024 തീയതിയിലെ Taxes F3/310/2023/Taxes നമ്പർ കത്ത് പ്രകാരം 2023-24 സാമ്പത്തിക വർഷം ഒടുക്കു വരുത്തിയ വാടക കുടിശ്ശിക ഈ ശീർഷകത്തിലെ വാടക ബാധ്യത വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ ലിസ്റ്റ് പ്രതിമാസ വാടക, വാടക അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിൻ പ്രകാരം EXC/2643/2022-XFB2, dated, 01.03.2024-ലെ കത്ത് പ്രകാരം ആയത് സമർപ്പിക്കുകയും അടുത്ത സാമ്പത്തിക വർഷത്തെ (2024-25) ബജറ്റ് പ്രൊവിഷൻ 2024-25-ലെ വാടക ഒടുക്കുന്നതിന് മാത്രമേ ഉപയോഗിക്കാവൂ എന്നും, കുടിശ്ശിക പേയ്മെന്റിനുള്ള പ്രൊപ്പോസൽ മേൽ പ്രകാരം നൽകിയിട്ടുള്ള അതേ വിശദാംശങ്ങൾക്കൊപ്പം 2024-25 സാമ്പത്തിക വർഷത്തിൽ പുനഃസമർപ്പിക്കാവുന്നതാണെന്നുള്ള നിർദ്ദേശം എക്സൈസ് കമ്മീഷണർക്ക് നൽകുകയുണ്ടായി.

**ശിപാർശ (ഖണ്ഡിക നമ്പർ 26)**

2039-00-001-98-21-2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി

ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 54.76 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/2643/2022-XFB2. dated, 18.12.2023 കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 44 ലക്ഷം രൂപ ആവശ്യപ്പെട്ടതിൻ പ്രകാരം G.O(Rt) No.852/2024/Fin. dated, 30.01.2024 പ്രകാരം 10 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 27)**

2039-00-001-98-34-3 - മറ്റു ചെലവുകൾ -മറ്റിനം

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ടി ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 6.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം പൂർണ്ണമായി വിനിയോഗിക്കാത്ത-തിനാൽ സമിതി ശിപാർശ പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 28)**

2039-00-001-98-45 - പി.ഒ.എൽ

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഇന്ധന ചെലവുകൾക്കായി നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 2.4650 കോടി രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/2643/2022-XFB2. Dated, 22.01.2024 കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 40 ലക്ഷം രൂപ ആവശ്യപ്പെട്ടതിൻ പ്രകാരം G.O(Rt) No.2028/2021/Fin. dated, 04.03.2024 പ്രകാരം 15 ലക്ഷം രൂപ ലഭ്യമായിട്ടുള്ളതാണ്.

## ശിപാർശ (ഖണ്ഡിക നമ്പർ 29)

2039-00-001-97-21-2 - വിജിലൻസ് വിഭാഗം -മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

വിജിലൻസ് ഓഫീസിലെ വാഹനങ്ങളുടെ സംരക്ഷണം അറ്റകുറ്റപ്പണി എന്നിവ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ, 60,000 രൂപ ടി ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 77552/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം പൂർണ്ണമായി ചെലവാകാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

## ശിപാർശ (ഖണ്ഡിക നമ്പർ 30)

2039-00-001-97-45 - പി.ഒ.എൽ

വിജിലൻസ് ഓഫീസിലെ ഇന്ധന ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 55,000/- രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 1.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം പൂർണ്ണമായി ചെലവാകാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

## ശിപാർശ (ഖണ്ഡിക നമ്പർ 31)

2039-00-001-94-34-3 - എക്സൈസ് വകുപ്പിന്റെ നവീകരണം - മറ്റു ചെലവുകൾ- മറ്റിനം

എക്സൈസ് സബ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ- വാഹനങ്ങൾ എന്നിവ വാങ്ങൽ, ഇ-ഗവേണൻസ്, ഫീൽഡ് ഓഫീസുകൾ, സൈബർ സെൽ ചെക്ക്പോസ്റ്റുകൾ എന്നിവയുടെ നവീകരണം വയർലെസ്സ് സിസ്റ്റം സ്ഥാപിക്കൽ തുടങ്ങിയ വിവിധ പദ്ധതികളിലൂടെ വകുപ്പിന്റെ നവീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുള്ളതിനാൽ നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ 2.0734 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ പദ്ധതിയേതരം എന്ന ഇനത്തിൽ 75.68 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. പദ്ധതിയിനത്തിൽ 561.76 ലക്ഷം രൂപയും ചെലവഴിച്ചിട്ടുള്ളതാണ്. സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണം ഉള്ളതിനാലും ബില്ലുകൾ യഥാസമയം ലഭിക്കാത്തതിനാലും ബാക്കി തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചില്ല. ആയതിനാൽ സമിതി ശിപാർശ പ്രകാരം ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

## ശിപാർശ (ഖണ്ഡിക നമ്പർ 32)

2039-00-001-86-04-1 - എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗം- യാത്രാ ചെലവുകൾ- യാത്രാബത്ത

മേജർ കേസുകളുടെ അന്വേഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്തും പുറത്തും ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ എക്സൈസ് - ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ അധികമായി 2 ലക്ഷം രൂപ ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 2.11 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/3431/2022-XFB2. Dated, 30.05.2023 കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 6.89 ലക്ഷം രൂപ ആവശ്യപ്പെട്ടതിൻ പ്രകാരം G.O(Rt) No.5421/2023/Fin. Dated, 21.07.2023 പ്രകാരം 2 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

## ശിപാർശ (ഖണ്ഡിക നമ്പർ 33)

2039-00-001-86-04-2 - സ്ഥലംമാറ്റബത്ത

എക്സൈസ് - ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 50,000/- രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024- വരെ 1046/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം പൂർണ്ണമായി ചെലവാകാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക

ആവശ്യപ്പെട്ടിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 34)**

2039-00-001-86-21-2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗത്തിന് വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ടി ശീർഷകത്തിലേക്ക് 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 51,954/-രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/3431/2022-XFB2. Dated, 30.05.2023 കത്ത് പ്രകാരം ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 1.50 ലക്ഷം രൂപ ആവശ്യപ്പെടുകയും ധനവകുപ്പ് നിർദ്ദേശിച്ചതിൻ പ്രകാരം 1,72,000/- രൂപ ബജറ്റ് വിഹിതമുള്ളപ്പോൾ ആയതിന് ഉപരിയായി 5 ലക്ഷത്തോളം രൂപ അധികമായി ഉപയോഗിച്ചത് ഉചിതമല്ലയെന്നും ഭാവിയിൽ ഇത്തരം കമിറ്റ്മെന്റ് ഉണ്ടാകാതെ സർക്കാരിൽ നിന്നും അധിക തുക വാങ്ങിയതിന് ശേഷം മാത്രമേ ചെലവ് കമിറ്റ് ചെയ്യാവൂ എന്നുള്ള നിർദ്ദേശം എക്സൈസ് കമ്മീഷണർക്ക് നൽകുകയുണ്ടായി.

**ശിപാർശ (ഖണ്ഡിക നമ്പർ 35)**

2039-00-001-86-34-3 - മറ്റു ചെലവുകൾ - മറ്റിനം

ടി ശീർഷകത്തിൽ നിലവിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 40,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ

4085/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം പൂർണ്ണമായി ചെലവാകാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

## ശിപാർശ (ഖണ്ഡിക നമ്പർ 36)

2039-00-001-86-45 - പി.ഒ.എൽ

പി.ഒ.എൽ. ചെലവുകൾക്കായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 2.5 ലക്ഷം രൂപ ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024-വരെ 3.71 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം EXC/3431/2022-XFB2. dated, 20.05.2023 കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന പ്രകാരം 7 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല. അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം വീണ്ടും EXC/3431/2022-XFB2. dated, 01.12.2023 കത്ത് പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 8.50 ലക്ഷം രൂപ ആവശ്യപ്പെട്ടതിൻ പ്രകാരം G.O(Rt) No.493/2024/Fin. dated, 18.01.2024 വഴി 2 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

## ശിപാർശ (ഖണ്ഡിക നമ്പർ 37)

2039-00-800-96 - സംസ്ഥാന എക്സൈസ് അക്കാഡമിയുടെയും ഗവേഷണ കേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

സംസ്ഥാനത്തെ എക്സൈസ് ജീവനക്കാർക്ക് അടിസ്ഥാന പരിശീലനം, സായുധ പരിശീലനം തുടങ്ങി വിവിധ പരിശീലനങ്ങൾ നൽകുന്നതിനോടനുബന്ധിച്ച് തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ടി ശീർഷകത്തിൽ

വകയിരുത്തിയിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 21 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31.03.2024- വരെ 72 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച തുക പൂർണ്ണമായി ചെലവാകാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

[ഖണ്ഡിക 12 മുതൽ 37 വരെയുള്ള ശിപാർശകളിന്മേൽ നികുതി (എഫ്) വകുപ്പ് 21.05.2024 തീയതിയിലെ നികുതി-എഫ്3/122/2023/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 20.06.2024-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 38)**

2049 -01- 200-85 - സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2018 സെപ്റ്റംബർ മാസം ഫെഡറൽ ബാങ്കിൽ നിന്നെടുത്ത വായ്പയിന്മേലുള്ള പലിശ

സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2018 സെപ്റ്റംബർ മാസം ഫെഡറൽ ബാങ്കിൽ നിന്നെടുത്ത വായ്പയിന്മേലുള്ള പലിശയിനത്തിൽ വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 4.35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബജറ്റ് വിഹിതമായി 5,50,00,000/-രൂപ (അഞ്ച് കോടി അൻപത് ലക്ഷം രൂപ മാത്രം) വകയിരുത്തുന്നു. നടപ്പ് സാമ്പത്തിക വർഷം ടി ശീർഷകത്തിൽ നാളിതു വരെ ആകെ 1,14,31,952/-രൂപ (ഒരു കോടി പതിനാല് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി തൊള്ളായിരത്തി അൻപത്തി രണ്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. നിലവിലെ ബജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത തുക അധികമായി ധനപുനഃവിനിയോഗം/

ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 39)**

2049 -01-200-84 - സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2018 സെപ്റ്റംബർ മാസം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നെടുത്ത വായ്പയിന്മേലുള്ള പലിശ

സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നും 2018 സെപ്റ്റംബർ മാസമെടുത്ത വായ്പയിന്മേലുള്ള പലിശയിനത്തിൽ വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 3.3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബജറ്റ് വിഹിതമായി 7,57,60,000/-രൂപ (ഏഴ് കോടി അൻപത്തി ഏഴ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) വകയിരുത്തിയിരുന്നു. നടപ്പ് സാമ്പത്തിക വർഷം ടി ശീർഷകത്തിൽ നാളിതു വരെ ആകെ 1,41,81,684/-രൂപ (ഒരു കോടി നാൽപ്പത്തി ഒന്ന് ലക്ഷത്തി എൺപത്തി ഒന്നായിരത്തി അറുന്നൂറ്റി എൻപത്തി നാല് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. നിലവിലെ ബജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത തുക അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 40 )**

2049 – 01- 200- 83 - സർക്കാർജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2019 ജൂൺ മാസം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നെടുത്ത വായ്പയിന്മേലുള്ള പലിശ

സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2019 ജൂൺ മാസം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നെടുത്ത വായ്പയിന്മേലുള്ള പലിശയിനത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ടി

ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബജറ്റ് വിഹിതമായി 3,36,00,000/-രൂപ (മൂന്ന് കോടി മുപ്പത്തി ആറ് ലക്ഷം രൂപ മാത്രം) വകയിരുത്തുന്നു. നടപ്പ് സാമ്പത്തിക വർഷം ടി ശീർഷകത്തിൽ നാളിതു വരെ_ആകെ 92,14,796/-രൂപ (തൊണ്ണൂറ്റി രണ്ട് ലക്ഷത്തി പതിനാലായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. നിലവിലെ ബജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത തുക അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

[ഖണ്ഡിക 38-40 വരെയുള്ള ശിപാർശകളിന്മേൽ ധനകാര്യ (എച്ച്.ബി.എ) വകുപ്പിന്റെ 08.05.2023 തീയതിയിലെ 2426974/എച്ച്.ബി.എ 2/31/2023-ധന, നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 20.06.2024 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

## ശിപാർശ (ഖണ്ഡിക നമ്പർ 41)

2054-00-098- 99-05-1 - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-ഓഫീസ് ചെലവുകൾ - വെള്ളക്കരം

പത്തനംതിട്ട ജില്ലാ ഓഡിറ്റ് ഓഫീസിലെ വെള്ളക്കരത്തിന്റെ 28.01.2022 വരെയുള്ള കുടിശ്ശികയായി 5.71238 ലക്ഷം രൂപ കൊടുത്തു തീർക്കാനുള്ളതിനാലും വെള്ളക്കരം താരിഫ് 03.02.2023 മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതിനാലും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 5.82 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 42)**

2054-00-098- 99-06 - വാടക, കരം, നികുതി

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 10 കാര്യാലയങ്ങളുടെ പ്രതിമാസ വാടക, വാടക കുടിശ്ശിക എന്നിവയുൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി 1.4953448 കോടി രൂപയുടെ ആവശ്യമുള്ളതിനാൽ നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആകയാൽ 1.2454 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമായ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

[ഖണ്ഡിക 41, 42 എന്നിവയിലെ ശിപാർശകളിന്മേൽ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിന്റെ 07.06.2024 തീയതിയിലെ 2417527/എസ്റ്റാ-ഡി4/41/2023-ധന, നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 20.06.2024 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 43)**

2047-00-103- 87 - ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

2023-24 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 18.5 കോടി രൂപ നിരക്കിൽ 12 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി 222 കോടി രൂപയും മുൻവർഷങ്ങളിലെ 2 മാസത്തെ പ്രതിഫല കുടിശ്ശികയായ 37 കോടി രൂപയും ചേർന്ന തുക നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ ആവശ്യമായി വരുമെന്നതിനാൽ അധികമായി 34 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി 225 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിലെ നിലവിലെ ചെലവ് 27.63 കോടി രൂപയാണ്. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം, ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത തുക ലഭ്യമാക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 44)**

2047-00-103- 85- 10 - എം.പി.കെ.ബി.വൈ / എസ്.എ.എസ് ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% ആയ സർക്കാർ വിഹിതവും 31-03-2023 വരെയുള്ള സർക്കാർ വിഹിതത്തിലെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയും മേൽ ശീർഷകത്തിൽ വകയിരുത്തേണ്ടതാണെങ്കിലും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ അധികമായി ടി ശീർഷകത്തിൽ 88.6 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി 65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ ഇതുവരെയും ചെലവ് വന്നിട്ടില്ല. ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം, ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത തുക ലഭ്യമാക്കുന്നതാണ്.

[ഖണ്ഡിക 43, 44 എന്നിവയിന്മേൽ ധനകാര്യ(ഭരണം-സി) വകുപ്പിന്റെ 06.06.2023 തീയതിയിലെ സി1/43/2023-ധന. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 20.06.2024 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 46)**

2075-00-103- 99- 02-08 - പ്രചരണ ചെലവുകൾ - പരസ്യം പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

മൊത്തം വിറ്റുവരവിന്റെ 1% തുക വരെ പി.ആർ.ഡി. നിരക്കിന് വിധേയമായും

ബഡ്ജറ്റ് വിഹിതമനുസരിച്ചും പരസ്യ ചെലവുകൾക്കായി വിനിയോഗിക്കാമെന്നതിനാൽ ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെ കൂടുതൽ പരസ്യം നൽകുന്നതിനും, മുൻകാലങ്ങളിൽ പരസ്യം നല്കിയ ഇനത്തിലുള്ള കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനായും, സുതാര്യത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി പുതിയ മൊബൈൽ നറുക്കെടുപ്പ് യന്ത്രം വാങ്ങുന്നതിനായും നിലവിൽ വകിയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ് ആയതിനാൽ 15 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം " 2075-00-103-99-ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന-02-08-പരസ്യം, പ്രചാരണം എന്നിവയ്ക്കുള്ള ചെലവുകൾ" എന്ന ശീർഷകത്തിൽ ബജറ്റ് പ്രൊവിഷനായി അനുവദിച്ചിരുന്നത് 25 കോടി രൂപയാണ്. കൂടാതെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ.ഉ(സാധാ) നം.3009/2024/ധന.തീയതി 25.03.2024 പ്രകാരം അധിക ധനാനുമതി മുഖേന ടി ശീർഷകത്തിൽ 7 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ ആകെ 32 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിലെ ആകെ ചെലവ് 30.05 കോടി രൂപയാണ്.

പുതിയ മൊബൈൽ നറുക്കെടുപ്പ് യന്ത്രം വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ 2023-24 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 47)**

2075-00-103- 98 - ഏജന്റുമാരുടെ കമ്മീഷൻ

ലോട്ടറി വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകുമെന്നതിനാൽ 2023-2024 സാമ്പത്തിക വർഷം ഈ ഇനത്തിൽ ഏകദേശം 4110.12 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 484.94 കോടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി

ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷം "2075-00-103-98-ഏജന്റുമാരുടെ കമ്മീഷൻ" എന്ന ശീർഷകത്തിൽ ബജറ്റ് പ്രൊവിഷനായി 3625.18 കോടി രൂപ അനുവദിച്ചിരുന്നു. കൂടാതെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ.ഉ(സാധാ)നം.2984/2024/ധന. തീയതി, 25.03.2024 പ്രകാരം അധിക ധനാനുമതി മുഖേന ടി ശീർഷകത്തിൽ 412 കോടി രൂപകൂടി അനുവദിച്ചിരുന്നു. ടി ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ആകെ അനുവദിച്ച തുക 4037.18 കോടി രൂപയാണ്. ഈ ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 4020.30 കോടി രൂപയാണ്.

<u>**ശിപാർശ (ഖണ്ഡിക നമ്പർ 48)**</u>

2075-00-103- 97 - <u>സമ്മാനദാനം</u>

നിലവിലെ സമ്മാനഘടന അനുസരിച്ച് വിറ്റുവരവിന്റെ ഏകദേശം 59.5% തുക സമ്മാനയിനത്തിൽ ചെലവഴിക്കേണ്ടി വരുമെന്നതിനാൽ ഈ ഇനത്തിൽ ഏകദേശം 7424.17 കോടി രൂപ ആവശ്യമായി വരും. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി ടി ശീർഷകത്തിൽ 485 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷം "2075-00-103-97-സമ്മാനദാനം" എന്ന ശീർഷകത്തിൽ ബജറ്റ് പ്രൊവിഷനായി 6939.17 കോടി രൂപ അനുവദിച്ചിരുന്നു. കൂടാതെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ശീർഷകത്തിൽ സ.ഉ(സാധാ)നം.2984/2024/ധന. തീയതി, 25.03.2024 പ്രകാരം അധിക ധനാനുമതി മുഖേന 220 കോടി രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഈ ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ആകെ വിഹിതം 7159.17 കോടി രൂപയാണ്. ഇതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിൽ ആകെ 7094.03 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 49)**

2075-00-103- 94-06 - വാടക, കരം, നികുതി

ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനെക്സ് പ്രവർത്തിക്കുന്ന KTDFC യുടെ ഉടമസ്ഥതയിലുള്ള തമ്പാനൂരിലെ കെട്ടിടത്തിന്റെ വാടകയിനത്തിൽ 2023-2024 സാമ്പത്തിക വർഷം 12 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടി ശീർഷകത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം " 2075-00-103-94-06- വാടക, കരം, നികുതി" എന്ന ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1,000/- രൂപയാണ് വകയിരുത്തിയിരുന്നത്.

2023-24 സാമ്പത്തിക വർഷം ജൂലൈ മുതലുള്ള വാടക കുടിശ്ശിക, 2023-24 സാമ്പത്തിക വർഷത്തെ വാടകയിനത്തിലെ ചെലവ് എന്നിവ വഹിക്കുന്നതിന് ടി ശീർഷകത്തിൽ അധിക ധനാനുമതി മുഖേന 19,05,086/- രൂപ ലഭ്യമാക്കണമെന്ന് ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനക്സ് പ്രവർത്തിക്കുന്ന KTDFC യുടെ ഉടമസ്ഥതയിലുള്ള തമ്പാനൂരിലെ കെട്ടിടത്തിന്റെ പുതുക്കിയ വാടക കരാറിൽ തുടർച്ചയായ രണ്ടു വർഷങ്ങളിൽ ഏർപ്പെടുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിരുന്നില്ല. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ക്രമപ്രകാരമല്ലാത്ത ഈ നടപടിയിന്മേൽ വിശദീകരണം ലഭ്യമാക്കി പരിശോധിച്ച് ടി നടപടി സാധൂകരിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചപ്പോഴേക്കും ഈ സാമ്പത്തിക വർഷം അവസാനിച്ചതിനാൽ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം വിനിയോഗിച്ചതിനു ശേഷം അധിക ധനാനുമതി ആവശ്യമുണ്ടെങ്കിൽ ശിപാർശ ലഭ്യമാക്കാൻ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 50)**

2075-00-103- 94-17- മരാമത്ത് പണികൾ

ഭാഗ്യക്കുറി വകുപ്പിന്റെ എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ

ഭാഗമായി, ഭിന്നശേഷിക്കാർക്ക് ഇരിപ്പിടം ഒരുക്കൽ തുടങ്ങിയ ചെലവുകൾ, മറ്റു മരാമത്ത് പണികൾ എന്നിവ വഹിക്കുന്നതിനായി ടി ശീർഷകത്തിൽ 2023-2024 സാമ്പത്തിക വർഷം 1.23 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷം "2075-00-103-94-17-മരാമത്തുപണികൾ" എന്ന ശീർഷകത്തിൽ ബജറ്റ് പ്രൊവിഷനായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ശീർഷകത്തിൽ സ.ഉ(സാധാ)നം.7607/2023/ധന. തീയതി, 31.10.2023, സ.ഉ(സാധാ)നം. 9211/2023/ധന. തീയതി, 30.12.2023, എന്നിവ പ്രകാരം അധിക ധനാനുമതി മുഖേന ടി ശീർഷകത്തിൽ അനുവദിച്ച 15.64 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

ഭാഗ്യക്കുറി വകുപ്പിന്റെ എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ പ്രാരംഭ ദശയിലായതിനാൽ ഭിന്നശേഷിക്കാർക്ക് ഇരിപ്പിടം ഒരുക്കുന്നതിനും മറ്റ് മരാമത്ത് പണികൾക്കുമായി ടി ശീർഷകത്തിൽനിന്നും 2023-24 സാമ്പത്തിക വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 51)</u>

2075-00-103- 94-99 - <u>വിവരസാങ്കേതിക വിദ്യ</u>

ഭാഗ്യക്കുറി വകുപ്പിന്റെ സോഫ്റ്റ് വെയർ കാലഹരണപ്പെട്ട സാഹചര്യത്തിൽ പുതിയ സോഫ്റ്റ് വെയർ നടപ്പിൽ വരുത്തുന്നതിനും, ടിക്കറ്റ് വ്യാജമല്ലെന്ന് ഉറപ്പു വരുത്തി കാലതാമസം കൂടാതെ സമ്മാനതുക വിതരണം ചെയ്യുന്നതിന് ഉതകും വിധത്തിലുള്ള ഓട്ടോമാറ്റിക് ക്യൂ ആർ കോഡ് സ്കാനിംഗ് മെഷീൻ വാങ്ങുന്നതിനും ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ അധികമായി 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ പുതിയ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിലേയ്ക്ക് അനുയോജ്യമായ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതി

നായി, സർക്കാർ TSP(Total Solution Provider) ആയി നിശ്ചയിച്ചിട്ടുള്ള ഏജൻസികളിൽ നിന്ന് RFP(Request for Proposal)ക്ഷണിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ആരംഭിച്ചിട്ടുണ്ട്.

ടിക്കറ്റ് സ്കാനിംഗ് മെഷീനിന്റെ Prototype develop ചെയ്യുന്നതിലേയ്ക്കായി കെൽട്രോണിന് തുക അനുവദിക്കുന്നതിന് സ.ഉ(സാധാ)നം. 907/2023/ടാക്സസ്. തീയതി, 28.12.2023 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം ടിക്കറ്റ് സ്കാനിംഗ് മെഷീനിന്റെ Prototype വികസിപ്പിക്കുന്നതിനായി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ കെൽട്രോണിന് 5,90,000/- രൂപയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

പ്രസ്തുത നടപടികൾ പുരോഗമിക്കുന്നതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള തുക സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ആവശ്യപ്പെട്ടിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 52)**

2075-00-103- 93-06 - വാടക, കരം, നികുതി

ഭാഗ്യക്കുറി വകുപ്പിന്റെ ജില്ലാ/സബ് ജില്ലാ ഓഫീസുകളിൽ ഭാഗ്യക്കുറി ടിക്കറ്റ് സ്റ്റോക്ക് സൂക്ഷിക്കുന്നതിന് കൂടുതൽ സ്ഥലസൗകര്യമുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി ടി ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള സ്ഥലപരിമിതിയുള്ള ജില്ലാ/ സബ്ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പൂർത്തിയാക്കിയിട്ടില്ല. അതിനാൽ ബഹു. സമിതിയുടെ ശിപാർശ പ്രകാരം അധിക ധനാനുമതിക്കുള്ള പ്രപ്പോസലുകൾ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയിരുന്നില്ല.

[ഖണ്ഡിക 46 മുതൽ 52 വരെയുള്ള ശിപാർശകൾക്ക് നികുതി (എച്ച്) വകുപ്പിന്റെ

02.05.2024 തീയതിയിലെ TAXES-H1/141/2023-TAXES. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 20.06.2024 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 53)**

2075-00-104- 96 - ഡിഫൻസ് സർവീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്രയ്ക്കർഹരായവർക്കും ആശ്രിതർക്കും കാഷ് അവാർഡ് -മറ്റു ചെലവുകൾ

ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്രയ്ക്കർഹരായവരുടെയും, ആശ്രിതരുടെയും ക്യാഷ് അവാർഡിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക ടി ശീർഷകത്തിൽ അധികമായി ധനപുനവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം "2075-00-104- 96-New Head (നോൺ പ്ലാൻ) ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തി മുദ്രയ്ക്കർഹരായവർക്കും ആശ്രിതർക്കും കാഷ് അവാർഡ്-മറ്റു ചെലവുകൾ" ശീർഷകത്തിൽ ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 46 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രസ്തുത തുക കാഷ് അവാർഡിന് അർഹരായവർക്ക് നൽകുകയും ചെയ്തു.

[സൈനികക്ഷേമ (എ) വകുപ്പിന്റെ 03.05.2024 തീയതിയിലെ SW3/86/2023-SWD, നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 20.06.2024 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 54)**

2075-00-795- 98 - വീട്ടുവായ്പ എഴുതിത്തള്ളൽ

വീട്ടുവായ്പ എഴുതിത്തള്ളുന്ന തുക 5 ലക്ഷമായി വർദ്ധിപ്പിച്ചതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാലും ടി ശീർഷകത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായി വരും. ആകയാൽ 18.9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി

ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബജറ്റ് വിഹിതമായി 21,10,000/-രൂപ (ഇരുപത്തി ഒന്ന് ലക്ഷത്തി പതിനായിരം രൂപ മാത്രം) വകയിരുത്തുന്നു. നടപ്പ് സാമ്പത്തിക വർഷം ടി ശീർഷകത്തിൽ നാളിതു വരെ_ആകെ 2,17,500/-രൂപ (രണ്ട് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. നിലവിലെ ബജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത തുക അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

[ധനകാര്യ(എച്ച്.ബി.എ) വകുപ്പിന്റെ 08.05.2023 തീയതിയിലെ 2426974/എച്ച്.ബി.എ 2/31/2023-ധന. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 20.06.2024 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 55)**

2075-00-800-81 - കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

ഹജ്ജ് ഹൗസിനോടനുബന്ധിച്ചുള്ള വനിതാ ബ്ലോക്ക് നിർമ്മാണം പൂർത്തികരിക്കുന്നതിനും ഹജ്ജ് വോളണ്ടിയർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതു മൂലമുണ്ടാകുന്ന ചെലവുകൾ വഹിക്കുന്നതിനുമായി മേൽ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 7.404 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയ്ക്ക് വനിതാ ബ്ലോക്ക് നിർമ്മിക്കുന്നതിന് ബിൽഡിംഗ് എസ്റ്റിമേറ്റ് തുകയായ 8.2 കോടി രൂപയുടെ 20% ആയ 1.64 കോടി രൂപ 17.12.2019 തീയതിയിലെ സ.ഉ (സാധാ)നം. 7139/2019/പൊ.ഭ.വ ഉത്തരവ് പ്രകാരം ഹജ്ജ് കമ്മിറ്റിയ്ക്ക് അനുവദിച്ചിരുന്നു. ടി പ്രവർത്തിക്ക് ബാക്കി തുക അനുവദിക്കണമെന്ന് ഹജ്ജ് കമ്മിറ്റി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത്(കെട്ടിട വിഭാഗം) മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികാനുമതി നൽകിയ നാല് വിവിധ എഗ്രിമെന്റ് ഷെഡ്യൂളുകളിലായി തയ്യാർ ചെയ്ത മൊത്തം 5,97,89,694/- (അഞ്ച് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം)രൂപയുടെ ബിൽ തുകയിൽ മുമ്പ് അനുവദിച്ച 1.64 കോടി രൂപ കഴിച്ച് ബാക്കി തുകയായ 4,33,89,694/-(നാല് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റി നാല് രൂപാ മാത്രം) കൂടി 2075-00-800-81-00-35(P) എന്ന ശീർഷകത്തിൽ നിന്നും ഹജ്ജ് കമ്മിറ്റിയ്ക്ക് അനുവദിച്ചുകൊണ്ടും ആയത് മാറി എടുക്കുന്നതിനുള്ള അംഗീകാരം നൽകികൊണ്ടും 25.05.2023 തീയതിയിലെ G.O(Rt)No.2335/2023/G.A.D പ്രകാരം ഉത്തരവാകുകയും 26.07.2023 തീയതിയിലെ G.O(Rt)No.5582/2023/fin. നമ്പർ ഉത്തരവ് പ്രകാരം ധനകാര്യ വകുപ്പ് ടി തുക 2075-00-800-35(P) എന്ന ശീർഷകത്തിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

[പൊതുഭരണ (ന്യൂനപക്ഷക്ഷേമം) വകുപ്പിന്റെ 07.09.2023 തീയതിയിലെ **MW2/131/2023**-പൊ.ഭ.വ.-നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 20.06.2024 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 56)**

2075-00-800- 78 - വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം

സോഷ്യൽ വെൽഫെയർ സ്കീം(കേരള) പ്രകാരം സാങ്ഷൻ കമ്മിറ്റി വിവിധ തീയതികളിലായി പാസ്സാക്കിയിട്ടുള്ള അപേക്ഷകളിന്മേൽ കുടിശ്ശികയായിട്ടുള്ള തുക കൊടുത്തു തീർക്കുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 6.0668 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം "2075-00-800-78- വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം"എന്ന ശീർഷകത്തിൽ സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയിരുന്ന 132

ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം തന്നെ കേരള സ്റ്റേറ്റ് വഖഫ് ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

എന്നാൽ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ ഉപധനാഭ്യർത്ഥന/ അധിക ധനസഹായം മുഖേന അധികമായി തുക വകയിരുത്തണമെന്ന പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല.

[റവന്യൂ(എഫ്) വകുപ്പിന്റെ 12.01.2024 തീയതിയിലെ റവ-എഫ്2/164/2023-റവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 20.06.2024 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 57)**

2075-00-800- 70 - ടെറിട്ടോറിയൽ സേനയിലെ മെഡൽ/കീർത്തിമുദ്ര ഇവയ്ക്ക് അർഹരായ ടെറിട്ടോറിയൽ സേനാംഗങ്ങളുടെ ആശ്രിതർക്കുള്ള കാഷ് അവാർഡ്.

ടെറിട്ടോറിയൽ സേനയിലെ മെഡൽ/കീർത്തിമുദ്ര ഇവയ്ക്ക് അർഹരായ ടെറിട്ടോറിയൽ സേനാംഗങ്ങളുടെ ആശ്രിതർക്കുള്ള കാഷ് അവാർഡിനായി അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുക ടി ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം "2075-00-800-70- (നോൺ പ്ലാൻ) ടെറിട്ടോറിയൽ സേനയിലെ മെഡൽ/കീർത്തിമുദ്ര ഇവയ്ക്ക് അർഹരായ ടെറിട്ടോറിയൽ സേനാംഗങ്ങളുടെ ആശ്രിതർക്കുള്ള കാഷ് അവാർഡ്- മറ്റുചെലവുകൾ"എന്ന ശീർഷകത്തിൽ ബജറ്റിൽ 1,00,000/- രൂപ വകയിരുത്തിയിരുന്നു. അർഹരായ 20 അപേക്ഷകർക്ക് 5000/- രൂപ നിരക്കിൽ കാഷ് അവാർഡ് നൽകുന്നതിനായി പ്രസ്തുത തുക വിനിയോഗിക്കുകയുണ്ടായി. കൂടാതെ അതിനു ശേഷം ലഭ്യമായ 23

അപേക്ഷകൾക്കായി അഡീഷണൽ അലോട്ട്മെന്റിനത്തിൽ 1,15,000/- രൂപ കൂടി ടി ശീർഷകത്തിൽ അനുവദിക്കുകയുണ്ടായി. 2023-24 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ നിന്നും ആകെ 43 അപേക്ഷകളിലായി 2,15,000/- രൂപ ടെറിട്ടോറിയൽ സേനയിലെ മെഡൽ/കീർത്തിമുദ്ര എന്നിവയ്ക്ക് അർഹരായ സേനാംഗങ്ങൾക്ക് കാഷ് അവാർഡ് നൽകുന്നതിനായി വിനിയോഗിക്കുകയുണ്ടായി.

**ശിപാർശ (ഖണ്ഡിക നമ്പർ 58)**

2075-00-800- 52 - തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം

യുദ്ധസ്മാരകത്തിന്റെ മാതൃകയ്ക്ക് അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ നിർമ്മാണ പ്രവൃത്തികൾ ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതിലേയ്ക്കായി ടി ശീർഷകത്തിൽ അധികമായി 8.087 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം "2075-00-800-52- (നോൺ പ്ലാൻ) തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം"ശീർഷകത്തിൽ ബജറ്റ് വിഹിതമിനത്തിൽ 1000/- രൂപ വകയിരുത്തിയിരുന്നു. 02.06.2023-ലെ സ.ഉ(കൈ)നം. 17/2023/SWD ഉത്തരവ് പ്രകാരം തിരുവനന്തപുരത്ത് യുദ്ധസ്മാരകം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 8,08,70,000/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 2023-24 സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിക്കായി 5 കോടി രൂപ 2075-00-800-52 ശീർഷകത്തിൽ അനുവദിക്കുകയും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ ബിൽഡിംഗ്സ് ഡിവിഷന് കൈമാറുകയും ചെയ്തു.

[ഖണ്ഡിക 57, 58 എന്നിവയിന്മേൽ സൈനികക്ഷേമ (എ) വകുപ്പിന്റെ 03.05.2024 തീയതിയിലെ SW3/86/2023-SWD. നമ്പർ കത്ത് പ്രകാരം

ലഭ്യമാക്കിയ നടപടി പത്രിക 20.06.2024 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 62)**

2235-60-110- 99-05-4 - സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് - ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

പാസ്ബുക്ക്, പോളിസി സർട്ടിഫിക്കറ്റ് എന്നിവയുടെ അച്ചടി ചെലവ്, ഓഫീസ് നവീകരണം എന്നിവയ്ക്ക് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 44.68 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 63)**

2235-60-110- 99-06 - വാടക, കരം, നികുതി

മൂന്ന് വർഷം കൂടുമ്പോൾ വാടക 15 % വർദ്ധിക്കുന്ന സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 23.25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 64)**

2235-60-110- 98-04-1 - ജില്ലാ ഓഫീസുകൾ-യാത്രാ ചെലവുകൾ-യാത്രാബത്ത

ജില്ലകളിൽ 25 ഡെവലപ്മെന്റ് ഓഫീസർമാർക്ക് കുറഞ്ഞത് 20 ദിവസം

യാത്രാബത്ത അനുവദിക്കേണ്ടി വരുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായി വരും. ആകയാൽ ടി ശീർഷകത്തിൽ അധികമായി 4.06 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**<u>ശിപാർശ (ഖണ്ഡിക നമ്പർ 65)</u>**

2235-60-110- 98-05-4 - <u>ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ</u>

ഓഫീസ് നവീകരണം, സ്റ്റേഷനറി ചാർജ്ജ് എന്നിവ വഹിക്കുന്നതിനായി നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 8.28 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**<u>ശിപാർശ (ഖണ്ഡിക നമ്പർ 66)</u>**

2235-60-110- 98-06 - <u>വാടക, കരം, നികുതി</u>

ജില്ലകളിലെ ഓഫീസ് കെട്ടിടങ്ങൾ മാറ്റിയതിനാലും നിലവിലുള്ള കെട്ടിടത്തിന്റെ വാടക വർദ്ധിച്ചതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായി വരുന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 67)**

2235-60-110- 97 - സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്
കംപ്യൂട്ടർവല്ക്കരണം

സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്യുന്നതിനും വാർഷിക പരിപാലനത്തിനും പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ഇ-ഓഫീസ് പ്രവർത്തനസജ്ജമാക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ അധികമായി ടി ശീർഷകത്തിൽ 22 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

[62 മുതൽ 67 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകൾക്ക് ധനകാര്യ(എസ്റ്റാ-ഡി) വകുപ്പിന്റെ 07.06.2023 തീയതിയിലെ 2417527/എസ്റ്റാ-ഡി4/41/2023-ധന. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 20.06.2024 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

## അദ്ധ്യായം II

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ചുവടെ ചേർക്കുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി പത്രിക ലഭ്യമാക്കിയിട്ടില്ല.

| ധനാഭ്യർത്ഥന | ഖണ്ഡിക | ബന്ധപ്പെട്ട വകുപ്പ് |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ V | 1-6 | നികുതി വകുപ്പ് |
| " XVI | 45 | പൊതുഭരണ വകുപ്പ് |
| " XXVIII | 59-61 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് |

തിരുവനന്തപുരം,
2024 ജൂലൈ 2.

കെ. എൻ. ബാലഗോപാൽ,
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി VIII